**അനുബന്ധം**

ചോദ്യം നമ്പർ *124-ന് കൃഷി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

(എ) പച്ചക്കറികളുടെ വില ക്രമാതീതമായി കൂടിയ സാഹചര്യത്തിൽ വിപണി വില പിടിച്ചുനിർത്തുന്നതിനായി ചുവടെക്കൊടുത്തിരിക്കുന്ന മൂന്ന് രീതികളിലാണ് സംസ്ഥാന കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയത്.

1. ഹോർട്ടികോർപ്പ് വഴിയുള്ള പച്ചക്കറി സംഭരണവും വിപണനവും: പച്ചക്കറിയുടെ വിപണി വില കൂടിയ സാഹചര്യത്തിൽ, പച്ചക്കറി സംഭരണ - വിപണനത്തിലേർപ്പെടുന്ന മുഖ്യ സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് വഴി വിപണിയിൽ ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2021-22 വർഷത്തിൽ ഹോർട്ടികോർപ്പ് 4292.89 ടൺ പച്ചക്കറികൾ കർഷകരിൽനിന്നും നേരിട്ട് സംഭരിച്ചാണ് വിപണിയിൽ എത്തിച്ചത്. പച്ചക്കറികൾ പരമാവധി വില കുറച്ച് സംഭരിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമായും കർഷക സംഘടനകളുമായും ചർച്ച നടത്തുകയും, തെങ്കാശിയിൽനിന്നും 18 ടൺ പച്ചക്കറിയും, ആന്ധ്രയിൽനിന്ന് 10 ടൺ തക്കാളിയും നേരിട്ട് സംഭരണം നടത്തുകയുണ്ടായി. തക്കാളിയുടെ വില കിലോയ്ക്ക് 120 രൂപ വരെ കൂടിയ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കർഷകർ ഉൽപ്പാദിപ്പിച്ച 78 ടൺ

തക്കാളി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മറ്റ് ജില്ലകളിൽ എത്തിച്ച് കിലോയ്ക്ക് 50 രൂപ നിരക്കിൽ വിതരണം നടത്തി. മറ്റു പച്ചക്കറികൾക്ക് പൊതുവിപണിയെക്കാൾ 20-30% വില കുറച്ചുനൽകുകയും ചെയ്തു.

2. <u>തക്കാളി വണ്ടികൾ</u>: എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും നേതൃത്വത്തിൽ 17-12-2021 മുതൽ 30-12-2021 വരെ **28** സഞ്ചരിക്കുന്ന വിപണികൾ തക്കാളി വണ്ടികൾ എന്ന പേരിൽ പ്രവർത്തിക്കുകയുണ്ടായി. ഇത്തരത്തിൽ 30-12-2021 വരെ 67 ടൺ പഴം-പച്ചക്കറികൾ 29.26 ലക്ഷം രൂപയ്ക്ക് വില്പന നടത്തി.

3. <u>ക്രിസ്തുമസ് പുതുവർഷ വിപണികൾ</u>: ഉത്സവകാലത്ത് പച്ചക്കറികളുടെ വില വർദ്ധനവിൽനിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി 2000 ഓണവിപണികളും 1562 ക്രിസ്തുമസ് പുതുവർഷ വിപണികളും സംഘടിപ്പിച്ചു. കൃഷി വകുപ്പ് നേരിട്ട് നടത്തിയ ക്രിസ്തുമസ് പുതു വർഷ വിപണികൾ വഴി ഏകദേശം 473 ടൺ പച്ചക്കറികളുൾപ്പെടെ ആകെ 2043 ടൺ പച്ചക്കറികൾ ന്യായവിലക്ക് ഈ കാലയളവിൽ ഉപഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചു. ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽനിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ

സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും, വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതുവിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയുമാണ് വിപണികൾ പ്രവർത്തിച്ചത്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും സാധ്യമാകുന്നു.

(ബി) <u>കേരള ഫാം ഫ്രഷ് പഴം പച്ചക്കറി</u>: അടിസ്ഥാന വില' എന്ന പദ്ധതി പ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയും ചെയ്യുന്ന രീതിയാണ് അനുവർത്തിക്കുന്നത്. ഈ പദ്ധതിയിൻ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ 3458 കർഷകർക്കായി 3.02 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 8401 കർഷകർക്കായി 7.87 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ്-19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക്

ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു. കൂടാതെ വിറ്റഴിക്കാൻ കഴിയാത്ത മരച്ചീനി വാട്ട് കപ്പയാക്കി മാറ്റുവാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിപണികൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു.

(സി) കേരളത്തിൽ ആവശ്യത്തിന് ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യാന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും, തമിഴ്നാട്ടിലെ പ്രമുഖ

കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്ന പദ്ധതി ഹോർട്ടികോർപ്പ് വഴി നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പുവച്ച് സംഭരണം നടത്തിവരുന്നു. നാളിതുവരെ 287.10 ടൺ പച്ചക്കറികൾ തെങ്കാശി ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി സംഭരിച്ചു. 2021 നവംബർ, ഡിസംബർ മാസങ്ങളിൽ പച്ചക്കറികളുടെ വില അനിയന്ത്രിതമായി വർദ്ധിച്ച സാഹചര്യത്തിൽ, ആന്ധ്രാപ്രദേശിലെ കർഷകരിൽനിന്നും 10 ടൺ തക്കാളി സംഭരിച്ച് സംസ്ഥാനത്ത് വിതരണം നടത്തി.

(ഡി) കർഷകരിൽനിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനായി 112 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 50% സബ്സിഡി നൽകി 12 എണ്ണവും, FPO, സ്വാശ്രയ സംഘങ്ങൾ, ഹോർട്ടികോർപ്പ്, മറ്റു സ്ഥാപങ്ങൾ മുഖേന 100% സബ്സിഡി നൽകി 8

എണ്ണവും വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളും മൂല്യവർധിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനായി കണ്ടൈനർ മോഡൽ വില്പനശാലകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 50% സബ്സിഡി നൽകി 12 എണ്ണവും, FPO, സ്വാശ്രയ സംഘങ്ങൾ, ഹോർട്ടികോർപ്പ്, മറ്റു സ്ഥാപങ്ങൾ മുഖേന 100% സബ്സിഡി നൽകി 22 എണ്ണവും വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. RIDF-ഉം MIDH-ഉം ഫണ്ടുപയോഗിച്ച് കേരളത്തിലെ പ്രധാന നഗരങ്ങളിൽ 'ഇന്റഗ്രേറ്റഡ് സപ്ലൈ ചെയിൻ' രൂപീകരിക്കുന്നതിന്റെ ഭാഗമായി KLDC മുഖേന 4 Integrated Pack House തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. ഇടുക്കി വട്ടവട മാർക്കറ്റ് കോപ്ലക്സിൽ കർഷകരിൽനിന്നും സംഭരിക്കുന്ന ക്യാരറ്റ്, ഉരുളക്കിഴങ്ങ് എന്നിവ മെഷിൻ ഉപയോഗിച്ച് കഴുകി വൃത്തിയാക്കി തരംതിരിച്ച് സംഭരിക്കാനുള്ള ഒരു പദ്ധതി RKVY ഫണ്ട് ഉപയോഗിച്ച് ഹോർട്ടികോർപ്പ് നടപ്പിലാക്കിവരുന്നു. വി.എഫ്.പി.സി.കെ-യുടെ കീഴിലുള്ള

തൃശ്ശൂർ, വയനാട് പാക്ക് ഹൗസുകളിൽ 10 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകൃത അറയും സജ്ജമാക്കിയിട്ടുണ്ട്.